# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7592 | 17.07.2012-ൽ മറുപടിക്ക് |
|---|---|

## ഔവർ റെസ്പോൺസിബിൾ കെയർ പദ്ധതി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. കെ. ദാസൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന 'ഔവർ റെസ്പ്പോൺസിബിൾ കെയർ' പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ, എവിടെയെല്ലാമാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ; ഈ പദ്ധതിപ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; വ്യക്തമാക്കാമോ; | **(എ)** "ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ" (ORC) എന്ന പദ്ധതി കേരളത്തിൽ കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.<br>കുട്ടികളിൽ കൗമാര പ്രായത്തിലുണ്ടാകുന്ന സ്വഭാവ വ്യതിയാനങ്ങൾ കണ്ടെത്തുന്നതിന് സഹായകരമായ പരിശീലനം ഈ പദ്ധതി മുഖേന അദ്ധ്യാപകർക്ക് നൽകുന്നു. തെറ്റിലേയ്ക്ക് വഴുതി വീഴാൻ സാദ്ധ്യതയുള്ളവരെ കണ്ടെത്തി നേരായ മാർഗ്ഗത്തിലേയ്ക്ക് നയിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ വഴി ഘട്ടം ഘട്ടമായി പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്കൂളുകളിൽ കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിങ്ങിന് നിയോഗിച്ചിട്ടുള്ള സ്കൂൾ കൗൺസിലർമാരുടെ സേവനവും ഈ പദ്ധതിക്കായി വിനിയോഗിക്കപ്പെടുന്നു. |
| (ബി) | സംസ്ഥാനത്ത് കുട്ടികളുടെ ക്ഷേമത്തിനായി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ; കമ്മീഷൻ നിലവിലുണ്ടെങ്കിൽ പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | **(ബി)** സംസ്ഥാനത്ത് കുട്ടികളുടെ ക്ഷേമത്തിനായി കമ്മീഷൻ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ